# CAREER Updates
# പത്രവൃത്താന്തം

**16.09.2023 (ശനി)**



➪ 2023 സെപ്തംബറിൽ നൊബേൽ സമ്മാനത്തുക എത്രയായാണ് ഉയർത്തിയത്?

✔ 1.1 കോടി സ്വീഡിഷ് ക്രോണർ (ഏകദേശം 8 കോടി രൂപ)

- 1 കോടി സ്വീഡിഷ് ക്രോണറിൽ നിന്നാണ് നൊബേൽ സമ്മാനത്തുക 1.1 കോടി സ്വീഡിഷ് (986 ലക്ഷം ഡോളർ) ക്രോണർ ആയി ഉയർത്തിയത്. 10 ലക്ഷം സ്വീഡിഷ് ക്രോണറിന്റെ വർധനവാണ് സമ്മാനത്തുകയിലുണ്ടായത്. ക്രോണറിന്റെ മൂല്യത്തിലുണ്ടായ ഇടിവാണ് തുക വർദ്ധിപ്പിക്കാൻ കാരണം.
- മുൻ വർഷങ്ങളിലും നൊബേൽ സമ്മാനത്തുകയിൽ നൊബേൽ ഫൗണ്ടേഷൻ ഏറ്റക്കുറച്ചിലുകൾ വരുത്തിയിരുന്നു. 2012-ൽ 8 ലക്ഷം സ്വീഡിഷ് ക്രോണറായി കുറച്ച സമ്മാനത്തുക 2017-ൽ 90 ലക്ഷം സ്വീഡിഷ് ക്രോണറായും 2020-ൽ 1 കോടി സ്വീഡിഷ് ക്രോണറായും വർദ്ധിപ്പിക്കുകയായിരുന്നു.

➪ ലോക ഓസോൺ ദിനമായി ആചരിക്കപ്പെടുന്നത്

✔ സെപ്തംബർ 16

- 'മോൺട്രിയൽ പ്രോട്ടോക്കോൾ; ഫിക്സിംഗ് ദി ഓസോൺ ലെയർ ആന്റ് റെഡ്യൂസിംഗ് ക്ലൈമറ്റ് ചെയ്ഞ്ച്' എന്നതാണ് 2023-ലെ ലോക ഓസോൺ ദിനത്തിന്റെ പ്രമേയം.

➪ 2023 സെപ്തംബറിൽ ഓഡിറ്റ് ബ്യൂറോ ഓഫ് സർക്കുലേഷൻസ് ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടത്

✔ ശ്രീനിവാസൻ കെ. സ്വാമി

➪ 2023 സെപ്തംബറിൽ നടക്കുന്ന വനിതാ സ്റ്റാർട്ടപ്പ് ഉച്ചകോടി 5.0-യ്ക്ക് വേദിയാകുന്നത്

✔ കൊച്ചി

- കേരള സ്റ്റാർട്ടപ്പ് മിഷന്റെ കീഴിൽ നടത്തപ്പെടുന്ന 2023-ലെ വനിതാ സ്റ്റാർട്ടപ്പ് ഉച്ചകോടിയുടെ പ്രമേയം 'മുന്നിൽ നിന്ന് നയിക്കുക' എന്നതാണ്.

➪ 2023 സെപ്തംബറിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ (ഇ.ഡി.) ഡയറക്ടർ ഇൻ ചീഫായി ചുമതലയേറ്റത്

✔ രാഹുൽ നവീൻ

➪ ഇന്ത്യ വേദിയായ 2023-ലെ ജി-20 ഉച്ചകോടിയുടെ സമാപനത്തിന് ശേഷം യു.എസ്. ആസ്ഥാനമായുള്ള പൊളിറ്റിക്കൽ ഇന്റലിജൻസ് കമ്പനിയായ മോണിംഗ് കൺസൽട്ട് നടത്തിയ പ്രതിവാര ഗ്ലോബൽ ലീഡർ അപ്രൂവൽ റേറ്റിംഗ് ട്രാക്കർ സർവേയിൽ ഒന്നാം സ്ഥാനത്തെത്തിയ നേതാവ്

✔ നരേന്ദ്ര മോദി

- 22 ലോക നേതാക്കളുടെ പട്ടികയിൽ 76% ആളുകളാണ് നരേന്ദ്ര മോദിയെ പിന്തുണച്ചത്. 18% ആളുകൾ മോദിയോട് വിയോജിപ്പ് രേഖപ്പെടുത്തി.

➪ 2023 സെപ്തംബറിൽ 4 വർഷത്തേക്ക് കൂടി കാലാവധി നീട്ടി നൽകിയ കേരള ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാൻ

✔ പ്രൊഫ. രാജൻ ഗുരുക്കൾ

- 4 വർഷത്തേക്ക് കൂടി കാലാവധി നീട്ടി നൽകിയ കേരള ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗ്ഗീസ് ആണ്.

➪ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് 75 വയസ്സിന് മുകളിലുള്ള കലാകാരന്മാർക്ക് കേന്ദ്ര സംഗീത നാടക അക്കാദമി ഏർപ്പെടുത്തിയ അമൃത് പുരസ്കാരത്തിന് അർഹരായ മലയാളികളുടെ എണ്ണം

✔ 5

- സി.എൽ.ജോസ് (നാടക രചന), എൻ. അപ്പുണ്ണി തരകൻ (കഥകളി ചായമിടൽ), കലാക്ഷേത്ര വിലാസിനി (ഭരതനാട്യം), കലാമണ്ഡലം പ്രഭാകരൻ (ഓട്ടൻ തുള്ളൽ), മങ്ങാട് നടേശൻ (കർണാടക സംഗീതം) എന്നിവരാണ് അമൃത് പുരസ്കാരത്തിന് അർഹരായ മലയാളികൾ.

➪ 2023 സെപ്തംബറിൽ ഏകദിന ക്രിക്കറ്റിൽ അതിവേഗം 150 വിക്കറ്റ് തികച്ച ഇന്ത്യൻ താരം എന്ന നേട്ടം സ്വന്തമാക്കിയത്

✔ കുൽദീപ് യാദവ്

➪ സുഖോയ്-30 യുദ്ധ വിമാനങ്ങൾക്കും ആയുധങ്ങൾക്കുമായി എത്ര രൂപയുടെ പ്രതിരോധ ഇടപാടുകൾക്കാണ് 2023 സെപ്തംബറിൽ പ്രതിരോധ അക്വിഷൻ കൗൺസിൽ അംഗീകാരം നൽകിയത്?

✔ 45,000 കോടി രൂപ

➪ 2023 സെപ്തംബറിൽ ഓർമ്മയായ, ജീവിച്ചിരുന്നതിൽ ലോകത്തിലെ ഏറ്റവും ഉയരമേറിയ നായ എന്ന ഗിന്നസ് റെക്കോഡിന് ഉടമയായിരുന്ന നായ

✔ സ്യൂസ്

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ 8590 333 999